ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 25.12.2025

## പ്രധാനവാർത്തകൾ

1. രാജ്യത്തെ എല്ലാ പൗരൻമാരുടേയും ഉന്നമനം ലക്ഷ്യമിട്ടുള്ള പ്രവർത്തനമാണ് കേന്ദ്രസർക്കാർ കഴിഞ്ഞ 11 വർഷമായി നടത്തി വരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. സംസ്ഥാനത്ത് നഗരസഭാ അധ്യക്ഷൻമാരുടേയും ഉപാധ്യക്ഷൻമാരുടേയും തിരഞ്ഞെടുപ്പ് നാളെ.
3. രാജ്യത്ത് ഗതാഗത സൗകര്യങ്ങൾ ലഭ്യമല്ലാതിരുന്ന ഗ്രാമങ്ങളിൽ റോഡ് നിർമ്മിക്കാൻ ലക്ഷ്യമിട്ടുള്ള പ്രധാൻമന്ത്രി ഗ്രാം സഡക് യോജനക്ക് കാൽ നൂറ്റാണ്ട്.
4. റെയിൽ യാത്രാ നിരക്കിൽ പ്രഖ്യാപിച്ച വർധന ഇന്ന് അർധരാത്രി മുതൽ പ്രാബല്യത്തിൽ.
5. മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കി ഘോഷയാത്ര നാളെ ശബരിമല സന്നിധാനത്തെത്തും. തിരക്ക് നിയന്ത്രിക്കാൻ പ്രത്യേക ക്രമീകരണം.

RNU TVPM

6. ഇന്ത്യ- ശ്രീലങ്ക വനിതാ ടി- 20 പരമ്പരയിലെ മൂന്നാം മത്സരം നാളെ തിരുവനന്തപുരത്ത്.

&&&&&&&&&&&&&&&

<u>പ്രധാനമന്ത്രി -ലക്നൗ</u>

രാജ്യത്തെ എല്ലാ പൗരൻമാരുടേയും ഉന്നമനം ലക്ഷ്യമിട്ടുളള പ്രവർത്തനമാണ് കേന്ദ്രസർക്കാർ കഴിഞ്ഞ 11 വർഷമായി നടത്തി വരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മുൻപ്രധാനമന്ത്രി അടൽബിഹാരി വാജ്പേയിയുടെ 101-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ലക്നൗവിൽ 'രാഷ്ട്ര പ്രേരണ സ്ഥൽ' ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. കേന്ദ്രസർക്കാരിൻറെ എല്ലാ ക്ഷേമ പദ്ധതികളും സമൂഹത്തിലെ ഓരോ പൗരനും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നുണ്ട്. ഇതിൻറെ ഫലമായി കോടിക്കണക്കിന് സാധാരണ ജനങ്ങൾക്ക് പദ്ധതികളുടെ ഗുണഫലം ലഭിച്ചതായും അദ്ദേഹം പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&

<u>വാജ്പേയി- ഗവർണർ</u>

പൊതുജനങ്ങൾക്ക് പരമാവധി പ്രയോജനം ലഭിക്കുന്നതിനും സദ്ഭരണം ഉറപ്പാക്കുന്നതിനും ഭരണകാലത്ത് അടൽ ബിഹാരി വാജ്പേയി സദാ പരിശ്രമിച്ചുവെന്ന് ഗവർണർ രാജേന്ദ്ര് വിശ്വനാഥ് ആർലേക്കർ. ലോക് ഭവനിൽ വാജ്പേയിയുടെ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തിയശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&

**<u>മേയർ തിരഞ്ഞെടുപ്പ് നാളെ</u>**

സംസ്ഥാനത്ത് കോർപറേഷൻ മേയർ, ഡപ്യൂട്ടി മേയർ, മുനിസിപ്പാലിറ്റി ചെയർപഴ്സൻ, വൈസ് ചെയർപഴ്സൻ പദവികളിലേക്കുള്ള തിരഞ്ഞെടുപ്പ് നാളെ നടക്കും. മേയർ, ചെയർപഴ്സൻ തിരഞ്ഞെടുപ്പ് രാവിലെ 10.30 നും ഡപ്യൂട്ടി മേയർ, വൈസ് ചെയർ പഴ്സൻ തിരഞ്ഞെടുപ്പ് ഉച്ചയ്ക്കു ശേഷം 2.30 നുമാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് തിരഞ്ഞെടുപ്പ് 27നു രാവിലെ 10.30 നും വൈസ് പ്രസിഡൻറ് തിരഞ്ഞെടുപ്പ് 2.30 നും നടക്കും.

&&&&&&&&&&&&&&&

**<u>മേയർ സ്ഥാനാർത്ഥി</u>**

തിരുവനന്തപുരം നഗരസഭ മേയർ സ്ഥാനാർഥിയായി വി വി രാജേഷിനേയും ഡെപ്യൂട്ടി മേയറായി ജി.ആശാനാഥിനെയും BJP പ്രഖ്യാപിച്ചു. തൃപ്പൂണിത്തുറയിൽ നഗരസഭ ചെയർപേഴ്സൺ സ്ഥാനത്തേക്ക് പി.എൽ ബാബുവും വൈസ് ചെയർപേഴ്സൺ സ്ഥാനത്തേക്ക് രാധിക വർമ്മയും മത്സരിക്കും. അതേസമയം, തൃശ്ശൂർ കോർപ്പറേഷൻ മേയർ സ്ഥാനാർഥിയായി ഡോക്ടർ നിജി ജസ്റ്റിനെയും, ഡെപ്യൂട്ടി മേയറായി എ പ്രസാദിനെയും കോൺഗ്രസ് പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&

**<u>കരട് വോട്ടർ പട്ടിക</u>**

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും സ്വീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. പരാതികളും അവകാശവാദങ്ങളും

RNUTVPM

ജനുവരി 22 വരെ സമർപ്പിക്കാം. കരടു പട്ടികയിൽ ഉൾപ്പെടാത്ത ASD പട്ടികയിൽ ഉള്ളവരും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

&&&&&&&&&&&&&&&

## പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന

ഇരുപത്തി അഞ്ച് വർഷം തികഞ്ഞ് പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന പദ്ധതി. ഗതാഗത സൗകര്യങ്ങൾ ലഭ്യമല്ലാതിരുന്ന ഗ്രാമങ്ങളിലേക്ക് എല്ലാ കാലാവസ്ഥയിലും ഗതാഗത സൗകര്യം ഉറപ്പാക്കുന്നതിനായി 2,000 ഡിസംബർ 25-ന് ആണ് പദ്ധതി ആരംഭിച്ചത്. 7 ലക്ഷത്തി 87,000 കിലോ മീറ്ററിലധികം ഗ്രാമീണ റോഡുകളാണ് പദ്ധതിക്ക് കീഴിൽ ഇതുവരെ പൂർത്തിയായത്.

RNU TVPM

&&&&&&&&&&&&&&&

## ക്രിസ്തുമസ്

യേശുക്രിസ്തുവിൻറെ തിരുപ്പിറവിയുടെ ഓർമ പുതുക്കി ക്രൈസ്തവർ ഇന്ന് ക്രിസ്തുമസ് ആഘോഷിച്ചു. സംസ്ഥാനത്തിന് അകത്തും പുറത്തും ദേവാലയങ്ങളിൽ പാതിരാ കുർബാനകളിൽ ആയിരങ്ങൾ പങ്കെടുത്തു. പ്രധാനമന്ത്രി ഡൽഹിയിലെ നോർത്ത് അവന്യൂവിലുള്ള സി.എൻ.ഐ സഭയുടെ റിഡംപ്ഷൻ കത്തീഡ്രൽ ചർച്ച് സന്ദർശിച്ചു. വത്തിക്കാനിലെ സെൻ്റ് പീറ്റർ ബസിലിക്കയിൽ ലിയോ പതിനാലാമൻ മാർപ്പാപ്പ തിരുപ്പിറവി ചടങ്ങുകൾക്കും പാതിരാകുർബാനയ്ക്കും കാർമികത്വം വഹിച്ചു. മാർപ്പാപ്പയായി തെരഞ്ഞെടുക്കപ്പെട്ട ശേഷമുള്ള ലിയോ പതിനാലാമന്റെ ആദ്യ ക്രിസ്മസ് കൂടിയാണിത്.

&&&&&&&&&&&&&&&

ഇടുക്കി -റീബോൺ പ്ലാസ്റ്റിക് കുപ്പി മരം (ഇൻട്രോ)

പുനരുത്ഥാനത്തിൻറേയും പ്രത്യാശയുടെയും സന്ദേശവുമായി ഇടുക്കി ജില്ലാ ശുചിത്വ മിഷൻ ഒരുക്കിയ 'റീബോൺ' പ്ലാസ്റ്റിക് കുപ്പി മരം ശ്രദ്ധേയമാകുന്നു. 'മാലിന്യത്തിൽ നിന്നും കല' എന്ന ക്യാമ്പയിൻറെ ഭാഗമായി ഇടുക്കി സെൻറ് ജോർജ്ജ് കുരിശുപള്ളിക്ക് സമീപമാണ് ഈ വേറിട്ട ക്രിസ്മസ് ട്രീ സ്ഥാപിച്ചിരിക്കുന്നത്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കുപ്പികൾ കൊണ്ട് നിർമ്മിച്ച ഈ വിസ്മയക്കാഴ്ച കാണാൻ നിരവധി പേരാണ് എത്തുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ........**

**(വോയിസ്)**

**&&&&&&&&&&&&&&&**

ഗിന്നസ് ബുക്കിൽ ഇടം നേടി (ഇൻട്രോ)

RNU TVPM

ഗിന്നസ് ബുക്കിൽ ഇടം നേടി ചരിത്രം സൃഷ്ടിച്ച തൃശ്ശൂരിന്റെ സ്വന്തം ബോൺ നതാലെ ക്രിസ്മസ് കരോൾ ഘോഷയാത്ര ഇത്തവണ ഡിസംബർ 27ന് നടക്കും. 15000ത്തിൽ അധികം പേർ പാപ്പാ വേഷത്തിൽ സ്വരാജ് റൗണ്ടിൽ സംഗീതത്തിനൊപ്പം അണിനിരക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ് തയ്യാറാക്കിയ റിപ്പോർട്ട്.........**

**(വോയിസ്)**

**&&&&&&&&&&&&&&&**

റെയിൽവേ- നിരക്ക് വർധന

റെയിൽവേ യാത്ര നിരക്കിൽ പ്രഖ്യാപിച്ച വർധന ഇന്ന് അർധരാത്രി പ്രാബല്യത്തിൽ വരും. 215 കിലോമീറ്ററലധികമുള്ള യാത്രകൾക്ക്, ഓർഡിനറി ക്ലാസിൽ കിലോമീറ്ററിന് 1 പൈസ വീതം വർദ്ധിക്കും. മെയിൽ, എക്സ്പ്രസ് ട്രെയിനുകളിലും, എസി ക്ലാസുകളിലും 2 പൈസ വർധനയുണ്ടാകും. എന്നാൽ നേരത്തെ ബുക്ക് ചെയ്ത ടിക്കറ്റുകൾക്ക് നിരക്ക് വർധന ബാധകമാകില്ല.

&&&&&&&&&&&&&&&

മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നാളെ വരെ അറിയിക്കാം.

RIJU TVPM

&&&&&&&&&&&&&&&

ശബരിമല (ഇൻട്രോ)

മണ്ഡലകാല സമാപനത്തിനു ഒരു ദിനം മാത്രം ബാക്കി. തങ്കയങ്കി ഘോഷയാത്ര നാളെ ശബരിമല സന്നിധാനത്തെത്തും. 27-നാണ് മണ്ഡലപൂജ. ഇന്ന് മാത്രം ഇതുവരെ വെർച്വൽക്യൂ വഴി 67,000 തീർഥാടകർ ദർശനം നടത്തി.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ......**
**(വോയിസ്)**

&&&&&&&&&&&&&&&

വനിതാ ടി 20 (ഇൻട്രോ )

ഇന്ത്യ- ശ്രീലങ്ക വനിതാ ടി 20 പരമ്പരയിലെ മൂന്നാം മത്സരം നാളെ തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും. രാത്രി 7 മണിക്കാണ് പോരാട്ടം.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്........**
**(വോയിസ്)**

**&&&&&&&&&&&&&&&**

സ്വർണ്ണവില

ഒരുലക്ഷം രൂപ പിന്നിട്ട സ്വർണവിലയിൽ കുതിപ്പ് തുടരുന്നു. പവന് 240 രൂപ വർധിച്ച് സർവകാല റെക്കോഡിലെത്തി. ഒരുലക്ഷത്തി 2,120 രൂപയിലാണ് ഇന്നത്തെ വ്യാപാരം. ഗ്രാമിന് 12,765 രൂപയാണ്.

RNU TVPM

**&&&&&&&&&&&&&&&**

ബേപ്പൂർ വാട്ടർ ഫെസ്റ്റ്

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് സീസൺ അഞ്ചിന് നാളെ തുടക്കമാകും. മൂന്ന് ദിവസത്തെ മേളയിൽ ജല സാഹസിക കായിക മത്സരങ്ങളും പ്രദർശനങ്ങളും അരങ്ങേറും. ഫെസ്റ്റിൻറെ ഉദ്ഘാടനം പ്രധാന വേദിയായ ബേപ്പൂർ മറീനയിൽ നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവ്വഹിക്കും. വിനോദ സഞ്ചാര വകുപ്പും ജില്ലാ ഭരണകൂടവും ഡിടിപിസിയും ചേർന്നാണ് ജലമേള സംഘടിപ്പിക്കുന്നത്.

**&&&&&&&&&&&&&&&**
**&&&&&&&&&&**
**&&&**

RNU TVPM